പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 2291 | 8.07.2015- ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## രാസവസ്തുക്കളുടെയും കൃത്രിമ നിറങ്ങളുടെയും ഉപയോഗം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. തോമസ് ഉണ്ണിയാടൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | കുട്ടികൾകൂടുതലായി ഉപയോഗിക്കുന്ന ന്യൂഡിൽസ്, ബിസ്കറ്റുകൾ കേക്കുകൾ, മിഠായികൾ എന്നിവയിൽ രുചിയും മണവും വർദ്ധിപ്പിക്കുന്നതിനായി അനുവദനീയമായതിലും കൂടുതൽ രാസവസ്തുക്കളും കൃത്രിമ നിറങ്ങളും ചേർത്ത് വില്പന നടത്തുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇതു സംബന്ധിച്ച്പരിശോധനകൾ നടത്തുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ; | ബി) | ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് സംസ്ഥാന വ്യാപകമായി പരിശോധന നടത്തി സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയക്കാറുണ്ട്. |
| സി | ഇങ്ങനെ എത്രകേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; സ്വീകരിച്ച നടപടികൾ എന്ത്; | സി) | 31 കേസുകൾ നിശ്ചിത ഗുണനിലവാരമില്ലാത്തതോ കൃത്രിമ കളറുകൾ ചേർത്തതായോ Misbranded ആയോ കണ്ടെത്തിയിട്ടുണ്ട്. ഉത്തരവാദികൾക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമത്തിൽ അനുശാസിക്കും പ്രകാരം പ്രോസിക്യൂഷൻ നടപടികളും അഡ്ജുഡിക്കേഷൻ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | കൃത്രിമനിറങ്ങളും രാസവസ്തുക്കളും ചേർത്ത് ഭക്ഷ്യവസ്തുക്കൾ കഴിക്കുന്നതുമൂലം ഭാവിതലമുറയ്ക്ക് ശാരീരികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഡി) | ആരോഗ്യവകുപ്പ് അത്തരത്തിലുള്ള പഠനം നടത്തിയിട്ടില്ല. |
| ഇ | എങ്കിൽഇത്തരം ഭക്ഷണ പദാർത്ഥങ്ങൾവില്പന നടത്തുന്നത് തടയാൻ അടിയന്തരനടപടിസ്വീകരിക്കുമോ ? | ഇ) | ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമ പ്രകാരം ഇത്തരത്തിലുള്ള ഭക്ഷണപദാർത്ഥങ്ങൾ ഉൽപ്പാദിപ്പിക്കുന്നതോ വിതരണം ചെയ്യുന്നതോ വിൽപ്പനനടത്തുന്നതോ നിയമ വിരുദ്ധമാണ്. ആയതുകൊണ്ട് തന്നെ പരിശോധനകളിൽ അത്തരം ഉൽപ്പന്നങ്ങൾ കണ്ടെത്തുന്ന പക്ഷം 2006 ലെ ഗുണനിലവാരനിയമങ്ങളും അനുബന്ധചട്ടങ്ങളും പ്രകാരം കർശന നടപടി സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ